# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 892

02.12.2015 ലെ മറുപടിയ്ക്ക്

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മൂന്നര പതിറ്റാണ്ട് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ എം.സി. റോഡിലെ 10490-12000 മീറ്റർ ചെയിനേജ് പ്രവൃത്തി പൂർത്തീകരിക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തിനു കാരണമെന്താണ്; | (എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മീറ്റർ മുതൽ 12000 മീറ്റർ ചെയിനേജ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ ചെയിനേജ് 10490 മീ. മുതൽ 10599 മീ. വരെയുള്ള ആദ്യഭാഗത്ത് കനാൽ എം.സി റോഡിനെ മുറിച്ചുകടക്കേണ്ടതുണ്ട് എന്നാൽ എം.സി റോഡിലൂടെയുള്ള കനത്ത ഗതാഗതവും മറ്റൊരു ബൈപ്പാസ് റോഡിന്റെ അഭാവവും കണക്കിലെടുത്ത് ഈ ഭാഗത്ത് ഓപ്പൺ എക്സ്കവേഷൻ നടത്തുക പ്രായോഗികമല്ലാത്തതിനാൽ ഗതാഗതത്തിനെ ബാധിക്കാത്തവിധത്തിലുള്ള പുഷ്ത്രൂ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവൃത്തി റീ അറേഞ്ച് ചെയ്യേണ്ടതുണ്ട്. ഈ ഭാഗത്തെ പ്രവൃത്തികൾ സെപ്ഷ്യൽ ആന്റ് സ്കിൽഡ് വർക്ക് (ഇഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് & കൺസ്ട്രക്ഷൻ) ആയതിനാൽ ഒരു സ്കിൽഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനാൽ 10490-12000 മീറ്റർ ചെയിനേജ് വരെയുള്ള പ്രവൃത്തിയെ രണ്ടായി വിഭജിച്ച (10490 മുതൽ 10599 വരെയും 10599 മുതൽ 12000 വരെയും) പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നത് പരിശോധിക്കുന്നതിനായി ടി പ്രവൃത്തിയുടെ കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതു സംബന്ധിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ജനോപകാരപ്രദമായ ഈ പ്രവൃത്തി അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) പണികൾ പൂർത്തീകരിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാത്രമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നതായി കാണുന്നില്ല. |

| | |
|---|---|
| (സി) ഈ പ്രവൃത്തിയുടെ അപാകതകൾ പരിഹരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) സാങ്കേതിക തടസ്സങ്ങൾ നീങ്ങുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ